compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മാർച്ച് 17
Tuesday, 17th March 2026

1201 മീനം 3
3rd Meenam 1201

1947 ഫാൽഗുനം 26
26th Phalguna 1947

വാല്യം 15
Vol. XV

നമ്പർ / No. **11**

Part III

Industrial Tribunals

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നോട്ടീസ്

(1)

നമ്പർ E1-1011/2025. 2026 മാർച്ച് 5.

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, ഇലക്ട്രിക്കൽ സെക്ഷൻ, എടരിക്കോട് എന്ന തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്തു വരവെ 27-3-2025-ന് അപകടം സംഭവിച്ച് മരണമടഞ്ഞ ശ്രീ. പ്രകാശൻ എന്ന തൊഴിലാളിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, തിരൂരങ്ങാടി ₹ 11,27,525 (പതിനൊന്ന് ലക്ഷത്തി ഇരുപത്തിഏഴായിരത്തി അഞ്ഞൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) ഈ കോടതി മുമ്പാകെ കെട്ടിവച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാര ആക്ട് 1923-2 (1) (ഡി) വകുപ്പനുസരിച്ച് നിർവ്വചിച്ച പ്രകാരം ടിയാന്റെ മരണസമയത്തെ ആശ്രിതരായി ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുന്നവർ മാത്രമേ ഉള്ളൂവെന്ന് അസിസ്റ്റന്റ് ലേബർ ഓഫീസർ, തിരൂരങ്ങാടി അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പട്ടിക

ക്രമ നമ്പർ	പേര്	മരണമടഞ്ഞ തൊഴിലാളിയുമായുള്ള ബന്ധം	ജനന തീയതി	മേൽവിലാസം
1	ശ്രീമതി സജിത	ഭാര്യ	1-1-1983	ഇയ്യക്കാട്ട് പറമ്പ്, കെ. പുരം പി. ഒ.,
2	അനയ് കൃഷ്ണ, കെ.	മൈനർ മകൻ	22-10-2016	മൂലക്കൽ, താനാളൂർ, മലപ്പുറം-676 307
3	ശ്രീമതി ദേവയാനി	മാതാവ്	1-1-1953	

ഇപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടാവുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുമ്പാകെ രേഖാമൂലം എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയപരിധിയ്ക്കകം യാതൊരുവിധത്തിലുമുള്ള അവകാശവാദങ്ങളും ലഭിച്ചില്ലെങ്കിൽ കെട്ടിവച്ച നഷ്ടപരിഹാര തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. ആയതിനുശേഷം ലഭിക്കുന്ന അവകാശവാദങ്ങൾ ഒന്നുംതന്നെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(2)

നമ്പർ E1-342/2025. 2026 മാർച്ച് 5.

മാനേജിംഗ് പാർട്ണർ, GSTIN 32 AAOFR 6932 NIZM, ആർ. എൻ. ലോജിസ്റ്റിക്സ്, നമ്പർ 48/610(KN67), 5th ക്രോസ്സ് റോഡ്, കീർത്തി നഗർ, ഇളമക്കര, എറണാകുളം എന്ന തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്തു വരവെ 6-9-2021-ന് അപകടം സംഭവിച്ച് മരണമടഞ്ഞ ശ്രീ. മണിലാൽ മൈഡ എന്ന തൊഴിലാളിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ഓറിയന്റൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് ₹ 17,87,783 (പതിനേഴ് ലക്ഷത്തി എൺപത്തി ഏഴായിരത്തി എഴുന്നൂറ്റി എൺപത്തിമൂന്ന് രൂപ മാത്രം) ഈ കോടതി മുമ്പാകെ കെട്ടിവച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാര ആക്ട് 1923-2 (1) (ഡി) വകുപ്പനുസരിച്ച് നിർവ്വചിച്ച പ്രകാരം ടിയാന്റെ മരണസമയത്തെ ആശ്രിതരായി ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുന്നവർ മാത്രമേ ഉള്ളൂവെന്ന് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ, ബൻസ്വാര, രാജസ്ഥാൻ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

ക്രമ നമ്പർ	പേര്	മരണമടഞ്ഞ തൊഴിലാളിയുമായുള്ള ബന്ധം	ജനന തീയതി	മേൽവിലാസം
1	ശ്രീമതി അന്താരി മൈഡ	ഭാര്യ	-	വാർഡ് നമ്പർ-3, ഹട്ഖേഡ, ഉപ്ല
2	ശ്രീ. രാഹുൽ	മകൻ	14-2-2008	ഘണ്ടാല പി. ഒ., ബൻസ്വാര,
3	ശ്രീ. വജേംഗ് മൈഡ	പിതാവ്	-	രാജസ്ഥാൻ-327 001
4	ശ്രീമതി നാനി മൈഡ	മാതാവ്	-	

ഇപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടാവുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുമ്പാകെ രേഖാമൂലം എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയപരിധിക്കകം യാതൊരുവിധത്തിലുമുള്ള അവകാശവാദങ്ങളും ലഭിച്ചില്ലെങ്കിൽ കെട്ടിവച്ച നഷ്ടപരിഹാര തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. ആയതിനുശേഷം ലഭിക്കുന്ന അവകാശവാദങ്ങൾ ഒന്നുംതന്നെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

No. E1-342/2025. *5th March 2026.*

Whereas the Oriental Insurance Company Limited has deposited with this Court an amount of ₹ 17,87,783 (Rupees Seventeen Lakhs Eighty Seven Thousand Seven Hundred and Eighty Three only) towards compensation payable to the dependents of the deceased employee Sri Manilal Maida, who met with fatal accident in the course of his employment while he was working under the Managing Partner, GSTIN 32 AAOFR 6932 NIZM, M/s. RN Logistics, No. 48/610(KN67), 5th Cross Road, Keerthi Nagar, Elamakkara, Ernakulam on 6-9-2021. The Employees' Compensation Commissioner, Banswara, Rajasthan has reported that (1) Smt. Anthari Maida (Wife), (2) Sri Rahul (Son), (3) Sri Vajeng Maida (Father), (4) Smt. Nani Maida (Mother), Ward No. 3, Hatkheda, Uplaghantala P. O., Banswara, Rajasthan-327 001 are his only dependents as defined under Section 2 (1) (d) of the Employees' Compensation Act, 1923 any others who claim to be such dependents should prefer their claims in writing before me and prove the same within 15 days of the publication of this notice in the Kerala Government Gazette. If no such claims are received within the prescribed time the entire amount of compensation will be disbursed to the persons mentioned above and claim preferred thereafter will not to be considered.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3)

നമ്പർ E1-1035/2025. 2026 മാർച്ച് 5.

ശ്രീ. ബഷീർ, തെന്നാടൻ ഹൗസ്, കൂട്ടിൽ, മങ്കട പി. ഒ., മലപ്പുറം എന്ന തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്തു വരവെ 1-12-2020-ന് അപകടം സംഭവിച്ച് മരണമടഞ്ഞ ശ്രീ. സുരേഷ് ബാബു, എം. എന്ന തൊഴിലാളിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എസ്. ബി. ഐ. ജനറൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് ₹ 21,40,877 (ഇരുപത്തിയൊന്ന് ലക്ഷത്തി നാൽപ്പതിനായിരത്തി എണ്ണൂറ്റി എഴുപത്തിയേഴ് രൂപ മാത്രം) ഈ കോടതി മുമ്പാകെ കെട്ടിവച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാര ആക്ട് 1923-2 (1) (ഡി) വകുപ്പനുസരിച്ച് നിർവ്വചിച്ച പ്രകാരം ടിയാന്റെ മരണസമയത്തെ ആശ്രിതരായി ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുന്നവർ മാത്രമേ ഉള്ളൂവെന്ന് അസിസ്റ്റന്റ് ലേബർ ഓഫീസർ, പെരിന്തൽമണ്ണ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പട്ടിക

ക്രമ നമ്പർ	പേര്	മരണമടഞ്ഞ തൊഴിലാളിയുമായുള്ള ബന്ധം	വയസ്	മേൽവിലാസം
1	ശ്രീമതി ജിനുഷ, കെ.	ഭാര്യ	39	മഠത്തിൽ അരുകിൽ ഹൗസ്, മേലോട്ടുംകാവ്, മങ്കട പി. ഒ., മലപ്പുറം-679 324
2	ശ്രീ. പവൻ, എം. എസ്.	മകൻ	19	
3	കുമാരി ജുവൽ, എം. എസ്.	മൈനർ മകൾ	16	
4	കുമാരി സാൻവിക സുരേഷ്, എം.	മൈനർ മകൾ	9	
5	ശ്രീ. രാമൻ	പിതാവ്	68	
6	ശ്രീമതി ദേവകി	മാതാവ്	63	

ഇപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടാവുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുമ്പാകെ രേഖാമൂലം എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയപരിധിയ്ക്കകം യാതൊരുവിധത്തിലുമുള്ള അവകാശവാദങ്ങളും ലഭിച്ചില്ലെങ്കിൽ കെട്ടിവച്ച നഷ്ടപരിഹാര തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. ആയതിനുശേഷം ലഭിക്കുന്ന അവകാശവാദങ്ങൾ ഒന്നുംതന്നെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(ഒപ്പ്)
കമ്മീഷണർ,
എംപ്ലോയീസ് കോമ്പൻസേഷൻ
(വ്യാവസായിക ട്രൈബ്യൂണൽ),
പാലക്കാട്.

വ്യാവസായിക ട്രൈബ്യൂണലിന്റെ
കാര്യാലയം, പാലക്കാട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.17 03:51:08 +05:30